# അക്ഷരജ്യോതി

## അക്കാദമിക മാസ്റ്റർ പ്ലാൻ

## പുടമൺ LPS മാരായമുട്ടം

**ഉള്ളടക്കം**

- അടിസ്ഥാന വിവരങ്ങൾ
- ആമുഖം
- ലക്ഷ്യങ്ങൾ
- വിദ്യാലയത്തിന്റെ ലഘു ചരിത്രം
- വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്
- പദ്ധതി രൂപീകരണം പ്രക്രിയ വിവിധ ഘട്ടങ്ങൾ
- വിവിധ നിലവിലുള്ള അവസ്ഥാ വിശകലനം
- മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ
- പദ്ധതി വിശദാംശങ്ങൾ
- (മേഖല, ഉപമേഖല, ലക്ഷ്യം, പ്രവർത്തനങ്ങൾ, കാലം, ചുമതല, സാമ്പത്തിക വിശകലനം)
- പ്രതീക്ഷിത നേട്ടങ്ങൾ
- മോണിറ്ററിംഗ്
- ഉപസംഹാരം.

# അടിസ്ഥാന വിവരങ്ങൾ

വിദ്യാലയത്തിന്റെ പേര് : ~~Luth~~ ലൂഥറൻ LPS മാരായമുട്ടം

വിലാസം : ലൂഥറൻ LPS മാരായമുട്ടം
ചായ്ക്കോട്ടുകോണം P.O

സ്കൂൾ കോഡ് : 44430

വിദ്യാഭ്യാസ ജില്ല : തിരുവനന്തപുരം

ഉപജില്ല : നെയ്യാറ്റിൻകര

വർഷം : 2025-2026

ഹെഡ്മാസ്റ്റർ : W.R. ഹീബ

മുൻസിപ്പാലിറ്റി : നെയ്യാറ്റിൻകര

ബി.ആർ.സി : ഊരൂട്ടുകാല

സി.ആർ.സി : നെയ്യാറ്റിൻകര

# ആമുഖം

നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയുടെ കീഴിലുള്ള കുളത്താമൽ വാർഡിൽ സ്ഥിതിചെയ്യുന്ന ഒരു എയ്ഡഡ് വിദ്യാലയമാണ് ലൂഥറൻ എൽ പി.എസ് മാരായമുട്ടം. മാരായമുട്ടത്തിന് സമീപം പുതവൻകാല എന്ന സ്ഥലത്ത് സോവർഹിൽ ലൂഥറൻ ചർച്ചിന് സമീപത്തായി ഈ വിദ്യാലയം സ്ഥിതിചെയ്യുന്നു. വടകര, പുതവൻകാല, പറയ്ക്കോട്ടുകോണം എന്നീ സ്ഥലങ്ങളിലെ കുട്ടികളാണ് ഇവിടെ പഠിക്കുന്നത്. ഏറെ പഴക്കമുള്ള ഈ വിദ്യാലയത്തിൽ നിന്ന് പഠിച്ചിറങ്ങിയ പലരും ഉന്നത സ്ഥാനങ്ങളിൽ ഇന്നും നിലനിൽക്കുന്നു.

മാറിമാറി വരുന്ന സർക്കാരും മാറി മാറി വരുന്ന വിദ്യാഭ്യാസ പദ്ധതികളും നിയമങ്ങളും എല്ലാം വിദ്യാഭ്യാസ രംഗത്ത് വിപ്ലവം സൃഷ്ടിക്കുമ്പോൾ അതിന്റെ മാറ്റൊലി നമ്മുടെ വിദ്യാലയത്തിലും ഉണ്ടാക്കുവാൻ പല പ്രവർത്തന രീതികളിലൂടെ ഞങ്ങൾക്ക് സാധിച്ചു. ഒരു നൂറ്റാണ്ട് കാലം സമൂഹത്തിന് സമ്മാനിക്കാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു. എന്ന ചാരിതാർത്ഥ്യത്തോടെ ഈ മാസ്റ്റർ പ്ലാൻ ആരംഭം കുറിക്കുന്നു.

# ലക്ഷ്യങ്ങൾ

* മതനിരപേക്ഷ ജനാധിപത്യ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ഗ്രാമീണ അന്തരീക്ഷത്തിൽ തികച്ചും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.

* അക്കാദമിക് മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കുക.

* പ്രീ-പ്രൈമറി മുതൽ നാലാം ക്ലാസ് വരെ ഓരോ ക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകി കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടൽ.

* അധ്യാപനവും അധ്യയനവും സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർത്തനങ്ങൾ രൂപപ്പെടുത്തൽ.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

പിന്നോക്കവിഭാഗത്തിൽ പെട്ട ജനങ്ങൾക്കും വിദ്യാഭ്യാസം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ വിദേശികളായ മിഷണറിമാർ അവരുടെ സുവിശേഷ പ്രവർത്തനങ്ങളോടൊപ്പം 1928-ൽ സ്ഥാപിതമായതാണ് ഈ വിദ്യാലയം. 100 വർഷത്തോളം പഴക്കമുള്ള ഈ വിദ്യാലയത്തിലെ കെട്ടിടങ്ങളിലുണ്ടാകുന്ന കേടുപാടുകൾ ഓരോ കാലയളവിലെയും പ്രധാനാധ്യാപകരും സഹ അധ്യാപകരും ചേർന്ന് പുതുക്കിപ്പണിത് വരുന്നു.
സ്കൂളിന് ചുറ്റുമതിലില്ലാത്തത് ഇതുവരെ ചെയ്ത് പൂർത്തിയാക്കുന്നത് സാധിച്ചിട്ടില്ല.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

* വിദ്യാലയത്തെ സമൂഹവുമായി ബന്ധപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ചെയ്യുക.
* പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
* ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിശീലനം നൽകൽ.
* കൃഷി വിദ്യാഭ്യാസവുമായി ബന്ധപ്പെടുത്തൽ.
* പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെയും ചെടികൾ നട്ടുപിടിപ്പിക്കേണ്ടതിന്റെയും ആവശ്യകത ബോധ്യപ്പെടുത്തൽ.
* കലാ കായിക സർഗാത്മക പ്രവർത്തനങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകൽ.
* നേതൃത്വ ഗുണം കുട്ടികളിൽ വളർത്തൽ.
* വായനയ്ക്ക് പ്രാധാന്യം നൽകി വരും തലമുറയെ വായനാശീലം ഉള്ളവരാക്കി മാറ്റൽ.

# പദ്ധതി രൂപീകരണ പ്രക്രിയ വിവി

1. S.R.G യോഗത്തിൽ പദ്ധതി രൂപീകരണ
ചർച്ചയും.
2. വികസന ആവശ്യങ്ങൾ ക്ലാസ്/വിഷയം,
ത്തിൽ ഭൗതികം - അക്കാദമികം - സാ
എന്നിങ്ങനെ തിരിച്ച് കരട് രൂപരേഖ
3. കരട് രൂപരേഖ SRG, SMC, PTA, MPTA
സംഘടന പ്രതിനിധികൾ. ജനപ്രതിനി
തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അ
4. ശില്പശാലയിൽ ഉയർന്നുവരുന്ന നിർദ്ദേ
കൂട്ടിച്ചേർക്കൽ.

P.T.A നേതൃത്വത്തിൽ ക്രോഡീകൃത പ
തയ്യാറാക്കൽ.

## നിലവിലുള്ള അവസ്ഥാവിശകലനം

നെയ്യാറ്റിൻകര നഗരസഭയുടെ പരിധിയിലുള്ള കുളത്താമൽ വാർഡിൽ പട്ടവൻകാല പ്രദേശത്തായി പ്രവർത്തിക്കുന്ന ഒരു പ്രാഥമിക വിദ്യാലയമാണ് Lutheran LPS മാരായമുട്ടം. പ്രസ്തുത വിദ്യാലയത്തിൽ ശ്രീമതി W.R. ഷീബ (ഹെഡ്മിസ്ട്രസ്) ശ്രീമതി മീന. D. A, ശ്രീമതി ഗീത. ബി. എസ്, കുമാരി. രാജി. R. S എന്നിവർ അധ്യാപകരായി സേവനം അനുഷ്ഠിക്കുന്നു. Std. 1 മുതൽ 4 വരെ 25 കുട്ടികളും Pre-primary LKG, UKG എന്നീ വിഭാഗത്തിൽ 21 കുട്ടികളും പഠിക്കുന്നു. കുട്ടികൾക്ക് മാനസികവും ശാരീരികവുമായ ഉല്ലാസവും നല്ല പഠനാന്തരീക്ഷവും സ്കൂളിന്റെ നേട്ടങ്ങളാണ്.

# നിലവിലുള്ള അവസ്ഥ വിശേഷം

## അക്കാദമികം

1. സൗജന്യ പാഠപുസ്തകം
2. സൗജന്യ യൂണിഫോം
3. സൗജന്യ ഉച്ചഭക്ഷണം
4. സൗജന്യ കമ്പ്യൂട്ടർ ക്ലാസുകൾ കമ്പ്യൂട്ടർ പഠനം
5. ഹലോ ഇംഗ്ലീഷ്
6. മലയാളത്തിളക്കം മലയാള ഭാഷയെ പരിപോഷിപ്പിക്കൽ.
7. കലാകായിക മത്സരങ്ങൾ
8. അസൈൻമെന്റുകൾ
9. സ്കോളർഷിപ്പ് എക്സാം എൽ. എൽ. എസ്. എസ്
10. വിശേഷാദിനാഘോഷങ്ങൾ, മത്സരങ്ങൾ
11. മൂല്യനിർണയം C.E, T.E
12. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസുകൾ
13. G.k ക്ലാസുകൾ
14. ഐ.ടി സ്കോളർഷിപ്പ് എക്സാം.

ഇവയെല്ലാം നമ്മുടെ വിദ്യാലയത്തിന്റെ നിലവിലുള്ള അക്കാദമിക പ്രവർത്തനങ്ങൾ ആണ്.

നിലവിലുള്ള അവസ്ഥാ വിശകലനം

2. ഭൗതികം - നേട്ടങ്ങൾ

1928-ൽ സ്ഥാപിതമായ നമ്മുടെ വിദ്യാലയം നിരവധി കടമ്പകൾ കടന്ന് 2025-26 അധ്യയന വർഷത്തിൽ എത്തി നിൽക്കുന്നു. ക്ലാസുകളിൽ ആവശ്യത്തിന് ലൈറ്റും ഫാനും ഉണ്ട്. ക്ലാസുകളിലെ പഠനം സുഖകരമാക്കാൻ സഹായിച്ചു.

പരിമിതികൾ

വിദ്യാലയത്തിന് നിരവധി നേട്ടങ്ങൾ അവകാശപ്പെടാനുണ്ടെങ്കിലും ചില പരിമിതികളും കാണുന്നുണ്ട്. അവ താഴെ പറയുന്നു

പരിമിതികൾ

കമ്പ്യൂട്ടർ അപര്യാപ്തത
കളിക്കോപ്പുകളുടെ കുറവ്
ചിൽഡ്രൻസ് പാർക്കിന്റെ അപര്യാപ്തത.
ചുറ്റുമതിൽ ഇല്ലായ്മ

# അക്കാദമിക മികവിനായി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾ

2025-26 അധ്യായന വർഷത്തിൽ മലയാളം, ഇംഗ്ലീഷ്, ഗണിതം, പരിസര പഠനം, എന്നീ വിഷയങ്ങളുടെ മികവിനായി എല്ലാ വിഭാഗങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നിരവധി പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന പദ്ധതികളാണ് ഏറ്റെടുത്തിരിക്കുന്നത്.

(1) വിഷയം - മലയാളം

മേഖല - വായന/ലേഖനം / സർഗാത്മകത

ഉപമേഖല -

ലക്ഷ്യം - എല്ലാ വിദ്യാർത്ഥികളും അക്ഷരത്തെറ്റില്ലാതെ എഴുതുന്ന വായിക്കുന്ന.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല |
| --- | --- | --- | --- |
| ഭാഷാ പരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മെച്ചപ്പെടുത്തുക) | 1. പ്രീ-ടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളം ഉറപ്പിക്കൽ<br>4. അക്ഷര കാർഡ് നൽകൽ<br>5. വാക്കുകൾ എഴുതിയ കാർഡ്<br>6. വാക്കുകൾ നിർമാണം<br>7. ചേർത്തു വായിക്കൽ.<br>8. വാക്യങ്ങൾ നിർമിക്കൽ<br>9. ചിത്രം - അടിക്കുറിപ്പ്<br>10. ചിത്രം - കഥ പറയൽ<br>11. ചിത്രം - കഥയെഴുതൽ<br>12. ഭാഷാപരമായ പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ്<br>13. കഥാ പുസ്തകം നൽകൽ<br>14. വായനാ കാർഡ് നൽകൽ. | ജൂൺ ജൂലൈ | അധ്യാപകർ |
| കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക. | • ക്ലാസ് ലൈബ്രറി<br>• വായനക്കുറിപ്പ്<br>• സർഗാത്മക ഡയറി. | | |

| | | | |
|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരൻ ആക്കുക. | • വായനക്കൂട്ടം രൂപീകരിക്കൽ<br>• വായനാനുഭവം പങ്കുവയ്ക്കൽ<br>• ദിനാചരണങ്ങൾ<br>• വായനാക്കുറിപ്പ് തയ്യാറാക്കൽ<br>• വായനാ മത്സരം<br>• വായനാ മൂല<br>• പുസ്തക വണ്ടി<br>• സ്കൂൾ ലൈബ്രറി<br>• ക്ലാസ് ലൈബ്രറി<br>• പത്ര വായന | ജൂൺ മുതൽ മാർച്ച് | വായനാ ക്ലബ്ബ് |
| | | | |


| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടിയെ നേതൃത്വ ഗുണം ഉള്ളവനാക്കുക. | • ബാലസഭ<br>• കലാ മത്സരങ്ങൾ<br>• പ്രസംഗം | ആഴ്ചയിൽ ഒരു ദിവസം. | അധ്യാപകർ | |
| കുട്ടികളിൽ അക്ഷരങ്ങൾ ഉറപ്പിക്കൽ (പിന്നോക്കം നിൽക്കുന്നവർക്ക്) | • അക്ഷരങ്ങൾ ഉപയോഗിച്ചുള്ള ചിത്രങ്ങൾ<br>• അക്ഷരമാല<br>• ആവർത്തന പാഠങ്ങൾ കണ്ടെത്തൽ. | ജൂൺ മുതൽ നവംബർ | അധ്യാപകർ കുട്ടികൾ | 200 |

| | | | | |
|---|---|---|---|---|
| വായനാഭിരുചി വളർത്തൽ | • ജന്മദിനത്തിന് സ്കൂളിലേക്ക് ഒരു പുസ്തകം സംഭാവന ചെയ്യൽ.<br>• പുസ്തക പരിചയം | ഓരോ ജന്മദിനത്തിലും | അധ്യാപകർ കുട്ടികൾ. | |

ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ജ്യാമിതീയ സൗന്ദര്യം തിരിച്ചറിയൽ | ഒറിഗാമി ശില്പശാല, ഒറിഗാമി ടാൻഗ്രാം, രൂപങ്ങൾ നിർമ്മിക്കൽ, പ്രദർശിപ്പിക്കൽ. | ജൂൺ ജൂലൈ | ക്ലാസ് ടീച്ചർ |
| ഗണിതത്തിലെ അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക. | • പ്രീ - ടെസ്റ്റ്<br>• എണ്ണാം എഴുതാം.<br>• ചേരുന്നവ ചേർത്ത് വരയ്ക്കാം.<br>• ശരിയായ അക്കങ്ങൾക്ക് വട്ടം വരയ്ക്കാം.<br>• മുമ്പും പിമ്പും വലുതും ചെറുതും. | ആഴ്ചയിൽ അഞ്ച് ദിവസം | ക്ലാസ് ടീച്ചർ |
| ഗണിതാശയങ്ങൾ ഉറപ്പിക്കൽ | • ആരോഹണം / അവരോഹണം<br>• വ്യവ്യാനം<br>• സ്ഥാനവില പട്ടേൺ | ആഴ്ചയിൽ മൂന്ന് | ക്ലാസ് |

| | | | |
|---|---|---|---|
| | • സംഖ്യാ കാർഡ് നിർമ്മാണം<br>• സങ്കലന ചാർട്ട് നിർമ്മാണം<br>• കലണ്ടർ നിർമ്മാണം | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |
| | • ക്വിസ് | മാസത്തിൽ ഒരു പ്രാവശ്യം | ഗണിത ക്ലബ്ബ് |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കൽ | • സ്ഥാനവില കണ്ടെത്താം<br>• അബാക്കസിൽ ക്രമീകരിക്കാം.<br>• സംഖ്യാ വ്യാഖ്യാനം<br>• സംഖ്യാ പുഷ്പം | ജൂൺ മുതൽ നവംബർ | ഗണിത ക്ലബ്ബ് | 200 |
| ചതുഷ്ക്രിയകൾ | സംഖ്യാ ആപ്പിൾ  | നവംബർ മുതൽ മാർച്ച് | | |

കായിക പരിശീലനം

മേഖല : കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | കുട്ടികൾക്ക് കായികമായി പരിശീലനം നൽകൽ. | ആഴ്ചയിൽ രണ്ട് ദിവസം | | |

വിഷയം : പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശുചിത്വവുമായി ബന്ധപ്പെട്ട കാര്യങ്ങൾ മനസിലാക്കൽ | • രോഗങ്ങളെ കുറിച്ചുള്ള അറിയിപ്പ് ബോർഡുകൾ തയ്യാറാക്കൽ. • ശുചിത്വ ശീലങ്ങൾ കണ്ടെത്തൽ. • പരിസര ശുചിത്വ ബോർഡുകൾ സ്ഥാപിക്കൽ. | ഒക്ടോബർ മുതൽ ജനുവരി | അധ്യാപകർ | |
| സസ്യങ്ങളെ കുറിച്ചുള്ള അവബോധം വളർത്തൽ. | • ഇലകൾ കൊണ്ടുള്ള കളിപ്പാട്ട നിർമ്മാണം. • വിത്ത് മുളപ്പിക്കൽ • [illegible] | | | |

| | | | | |
|---|---|---|---|---|
| ലഘു പരീക്ഷ-ങ്ങളിൽ ഏർപ്പെടൽ | മണ്ണിൽ വായുവുണ്ടോ? വേര് ജലം വലിച്ചെടുക്കു-ന്നു.? മണ്ണിൽ മണ്ണ് മാത്രമാ-ണോ? രാത്രിയും പകലും ഉണ്ടാ-കുന്നത് എങ്ങനെ? മൃമാപിനി വൈദ്യുതി ഉല്പാദിപ്പിക്കുന്നത് എങ്ങനെ? | ആഴ്ചയിൽ ഒരു ദിവസം | സയൻസ് ക്ലബ്ബ് | |
| ശേഖരണം. | വിവിധ ജീവികളുടെ കൂട് ശേഖരണം, ഇല ശേഖരണം, വിത്ത് ശേ-ഖരണം, നാണയ ശേഖ-രണം, പ്രപഞ്ച സത്യ-ങ്ങളുടെ ചിത്രശേഖരണം സ്വാതന്ത്ര്യ സമര സേനാനികളുടെ ചിത്ര ശേഖരണം. | ആഴ്ചയിൽ ഒരു ദിവസം | സയൻസ് ക്ലബ്ബ് | |

ഇംഗ്ലീഷ്

1. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് അസംബ്ലി

2. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് ഡയറി
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക. | ആഴ്ചയിൽ അഞ്ചു ദിവസം | ഇംഗ്ലീഷ് അധ്യാപിക. |

3. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ് തിയേറ്റർ
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷയെ സർഗാത്മക പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | ഇംഗ്ലീഷ് പാഠപുസ്തകത്തിലെ രൂപങ്ങളെ വ്യത്യസ്ത രീതിയിൽ മാറ്റി എഴുതി അവതരിപ്പിക്കൽ. റീഡിംഗ് കാർഡ്. | മാസം തോറും നടത്തുന്ന ബാലസഭയിൽ | അധ്യാപകർ |

4. പ്രവർത്തനത്തിന്റെ പേര് : ഇംഗ്ലീഷ്
ഉപമേഖല : ഇംഗ്ലീഷ് ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|

5. പ്രവർത്തനത്തിന്റെ പേര്: സ്പോക്കൺ ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവ് നേടൽ നിർദ്ദേശങ്ങൾ കേട്ട് രൂപങ്ങൾ നിർമ്മിക്കൽ. | ദിവസവും അധ്യാപകർ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് നടത്തൽ. ഒറിഗാമി പേപ്പർ ഷിപ്പ്, പേപ്പർ തൊപ്പി | ജൂൺ മുതൽ മാർച്ച് | അധ്യാപകർ |

6. പ്രവർത്തനത്തിന്റെ പേര്: പദപ്രശ്ന നിർമ്മാണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിലൂടെയുള്ള ഭാഷാ പഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമ്മിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്താൻ നിശ്ചിത ദിവസം നൽകുന്നു. വിജയികളെ നറുക്കെടുപ്പിലൂടെ പ്രഖ്യാപിക്കുന്നു. | പ്രതിമാസം | ഇംഗ്ലീഷ് ക്ലബ്ബ് | |

7. പ്രവർത്തനത്തിന്റെ പേര്: ഇംഗ്ലീഷ് കോർണർ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് [illegible] | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് [illegible] | | | |

8. പ്രവർത്തനത്തിന്റെ പേര്: Riddles രൂപീകരണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ Riddles നിർമ്മിക്കാൻ അവസരം നൽകുന്നു. നല്ല ഗ്രൂപ്പായി മത്സരം നടത്തുന്നു. | ആഴ്ചയിൽ ഒരു ദിവസം | ഇംഗ്ലീഷ് ക്ലബ്ബ് | |

കായിക വിവര ശേഖരണം
ഉപമേഖല : കൃഷി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജൈവ പച്ചക്കറി തോട്ടം | വാഴകൃഷി, പച്ചക്കറി കൃഷി തെങ്ങ്, (സ്ഥലം കണ്ടെത്തൽ വിത്ത് നടൽ സംരക്ഷണം വിളവെടുപ്പ്) | 6 മാസം<br>6 മാസം<br>3 വർഷം<br>6 മാസം | അധ്യാപകർ വിദ്യാർത്ഥി | |

കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാഭിരുചി വളർത്തൽ പാഠ്യപ്രവർത്തനവുമായി ബന്ധപ്പെട്ടു- | കുട്ടികൾക്ക് ഓല, കടലാസ് എന്നിവ ഉപയോഗിച്ച് വസ്തുക്കൾ ഉണ്ടാക്കൽ (മീൻ, പൂവ്, തൊപ്പി, | ആഴ്ചയിൽ ഒരു ദിവസം | ക്ലാസ് ടീച്ചർ | |

## പ്രതീക്ഷിത നേട്ടങ്ങൾ

- സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം സാക്ഷാത്കരിക്കപ്പെടുന്നു.
- രസാവഹമായ പഠനാന്തരീക്ഷം.
- വായനക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു.
- കൃഷിയിൽ താല്പര്യം ഉണർത്തുന്നു.
- പഠനാന്തരീക്ഷത്തോടൊപ്പം മറ്റു മേഖലകളിലും കഴിവ് തെളിയിക്കുന്നു.

## മോണിറ്ററിംഗ്

- ദൈനംദിന മോണിറ്ററിംഗ്, H.M, SRG കൺവീനർ, P.T.A പ്രസിഡന്റ് എന്നിവരുടെ മേൽനോട്ടത്തിൽ നടത്താം.
- B.R.C തലത്തിലുള്ള മോണിറ്ററിംഗ്
- P.T.A, M.P.T.A, O.S.S എന്നീ തലങ്ങളിൽ ഉള്ള മോണിറ്ററിംഗ്.

# ഉപസംഹാരം

നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയുടെ കീഴിലുള്ള കുളത്താമൽ വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു ഗ്രാമീണ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റുവാൻ ഇന്ന് നമുക്ക് സാധിച്ചിട്ടുണ്ട്. എന്ന് അഭിമാനത്തോടെ പറയാൻ കഴിയും. ഗാന്ധിജി വിദ്യാഭ്യാസത്തെക്കുറിച്ച് അഭിപ്രായപ്പെട്ടതുപോലെ കുട്ടികളിലും മുതിർന്നവരിലുമുള്ള ശാരീരികവും മാനസികവുമായ നന്മയുടെ പ്രകാശമായി പരിവർത്തിക്കുവാൻ തീർച്ചയായും നമ്മുടെ വിദ്യാലയത്തിലെ വിദ്യാർത്ഥികളെ പ്രാപ്തരാക്കാനുള്ള അറിവിന്റെ മാർഗദീപം കൊളുത്തുവാൻ ഇവിടത്തെ പ്രവർത്തനങ്ങൾക്കും സേവന സന്നദ്ധരായ അധ്യാപകർക്കും ഒരു പരിധിവരെ സാധിച്ചിട്ടുണ്ട്. ആ ദീപത്തിൽ നിന്ന് പടർന്നുയർന്ന അറിവിന്റെ ദീപശിഖ ഒരിക്കലും കെട്ടുപോകാതെ കാത്തുസൂക്ഷിക്കുന്നതിന് ഈ വികസനരേഖ ഉപകരിക്കുമെന്നു പ്രതീക്ഷിക്കുന്നു.